**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2313 — 23.01.2014-ലെ മറുപടിയ്ക്ക്

## എസ്.സി/എസ്.ടി സഹകരണ സംഘങ്ങൾ

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.പി.തിലോത്തമൻ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ മന്ത്രി) |
| (എ) പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ഈ സർക്കാരിന്റെ കാലയളവിൽ നൽകിയിട്ടുള്ള സഹായങ്ങൾ എന്തെല്ലാമാണെന്ന് പറയുമോ; മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്ന എസ്.സി./എസ്.റ്റി സഹകരണ സംഘങ്ങൾക്ക് കമ്പ്യൂട്ടറുകൾ നൽകുവാൻ നടപടി സ്വീകരിക്കുമോ: | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കുള്ള പുനരുദ്ധാരണ പദ്ധതി പ്രകാരം 2011-2012 വർഷത്തിൽ 12 എസ്.സി./എസ്.റ്റി സഹകരണ സംഘങ്ങൾക്കായി 33,32,000/- (മുപ്പത്തിമൂന്ന് ലക്ഷത്തി മുപ്പത്തിരണ്ടായിരം രൂപ) രൂപയും, 2012-2013 വർഷത്തിൽ 34 എസ്.സി/എസ്.റ്റി സഹകരണ സംഘങ്ങൾക്കായി ഒരു കോടി രൂപയും ധനസഹായം നൽകിയിട്ടുണ്ട്. 2013-2014 വർഷത്തിലെ ബഡ്ജറ്റിൽ പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങളുടെ വികസനത്തിനായി 4 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക സംഘങ്ങൾക്ക് നൽകുന്നതിനായി സംഘങ്ങളെ സെലക്റ്റ് ചെയ്തിട്ടുണ്ട്. തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

കൂടാതെ 2012-13 വർഷത്തിൽ 11 എസ്.സി/എസ്.റ്റി സഹകരണ സംഘങ്ങളുടെ കീഴിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്ന സ്വാശ്രയ ഗ്രൂപ്പുകൾക്ക് പ്രാഥമിക ചെലവുകൾക്കായി 184000/- രൂപയും നൽകിയിട്ടുണ്ട്. സംഘങ്ങൾക്ക് കമ്പ്യൂട്ടർ നൽകുന്നതിന് നിലവിൽ പദ്ധതികൾ ഒന്നും തന്നെയില്ല. എന്നാൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന തെരഞ്ഞെടുത്ത എസ്.സി/എസ്.റ്റി സഹകരണ സംഘങ്ങൾക്ക് കമ്പ്യൂട്ടറുകൾ നൽകുന്ന പദ്ധതിയുടെ പ്രായോഗികത പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ദീർഘകാലമായി പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നിട്ടില്ലാത്ത സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കുന്നതിന് സാമ്പത്തിക സഹായം അനുവദിക്കുമോ;

(ബി) പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. 2009-2010 സാമ്പത്തിക വർഷത്തിൽ പീഡിത സഹകരണ സംഘങ്ങൾക്കുള്ള പ്രത്യേക ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി ഭാഗികമായി പ്രവർത്തിക്കുന്നതും പ്രവർത്തന മൂലധനത്തിന്റെ അഭാവത്തിൽ പ്രവർത്തനം മന്ദഗതിയിൽ ആയതുമായ സംഘങ്ങളെ തെരഞ്ഞെടുത്ത് 55 പ്രാഥമിക പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ഓഹരി, സബ്സിഡി, വായ്പ എന്നീ ഇനങ്ങളിലായി 250 ലക്ഷം രൂപയും പുനരുദ്ധാരണ പദ്ധതി പ്രകാരം 9 എസ്.സി/എസ്.റ്റി

| | | | |
|---|---|---|---|
| (ഇ) | എസ്.സി/എസ്.റ്റി സഹകരണ സംഘങ്ങൾക്ക് നബാർഡ് വഴിയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഇ) | എസ്.സി/എസ്.റ്റി സഹകരണ സംഘങ്ങൾക്ക് നബാർഡ് വഴി ആനുകൂല്യം നൽകാനുള്ള പദ്ധതികൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ